പത്രക്കുറിപ്പ്
05-02-2019

## 'കുടുംബശ്രീ ഒരു നേർച്ചിത്രം' ഫോട്ടോഗ്രഫി മത്സരം- രണ്ടാം സീസൺ

തിരുവനന്തപുരം: ഫോട്ടോഗ്രഫിയിൽ താത്പര്യമുള്ള വ്യക്തികളുടെ സർഗ്ഗാത്മക ശേഷി പ്രോത്സാഹി പ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കുടുംബശ്രീ ഒരു നേർച്ചിത്രം ഫോട്ടോഗ്രഫി മത്സരത്തിന്റെ രണ്ടാം സീസൺ സംഘടിപ്പിക്കുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനം സ്ത്രീ ശാക്തീകരണത്തിലൂടെ എന്ന ആപ്തവാക്യം മുൻനിർത്തി പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ മികച്ച പ്രവർത്തനങ്ങൾ പ്രതിപാദി ക്കുന്ന ചിത്രങ്ങളാണ് മത്സരത്തിൽ പങ്കെടുക്കുന്നവർ സമർപ്പിക്കേണ്ടത്. **അവസാന തിയതി 2019 മാർച്ച് 15.**

. ഫോട്ടോകൾ **kudumbashreeprcontest@gmail.com** എന്ന ഇ- മെയിൽ വിലാസത്തി ലോ സിഡിയിലാക്കി വാട്ടർമാർക്ക് ചെയ്യാതെ എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ സംസ്ഥാന മിഷൻ ഓഫീസ്, ട്രിഡ റീഹാബിലിറ്റേഷൻ ബിൽഡിങ്, മെഡിക്കൽ കോളേജ്, തിരുവനന്തപുരം- 695011 എന്ന വിലാസത്തിലോ അയയ്ക്കാം. 'കുടുംബശ്രീ ഒരു നേർച്ചിത്രം ഫോട്ടോഗ്രഫി മത്സരം' എന്ന് കവറിന് മുകളിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

വിദഗ്ധ ജൂറി തെരഞ്ഞെടുക്കുന്ന ഏറ്റവും മികച്ച ചിത്രത്തിന് 20000 രൂപ ക്യാഷ് അവാർ ഡായി ലഭിക്കും. മികച്ച രണ്ടാമത്തെ ചിത്രത്തിന് 10000 രൂപയും മൂന്നാമത്തെ ചിത്രത്തിന് 5000 രൂപയുമാണ് സമ്മാനം. കൂടാതെ പത്ത് പേർക്ക് 1000 രൂപ വീതം പ്രോത്സാഹന സമ്മാനമായി ലഭിക്കും. ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ അടങ്ങിയ നോട്ടിഫിക്കേഷന്റെ പൂർണ്ണരൂപം **www.kudumbashree.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ